## പാഠം ഒന്ന്: കാഴ്ച്ചയും വിവിധ കാഴ്ച്ചാ പ്രശ്നങ്ങളും

- സമീപക്കാഴ്ചയെന്നാൽ വസ്തുക്കളെ അടുത്ത് കാണുവാനുള്ള കഴിവാണ്.
- ദൂരക്കാഴ്ചയെന്നാൽ അകലെയുള്ള വസ്തുക്കളെ കാണുവാനുള്ള കഴിവാണ്.
- ചികിത്സയിലൂടേയോ സഹായക ഉത്പന്നങ്ങളുടെ ഉപയോഗത്തിലൂടേയോ രണ്ട് രീതിയിലോ, തടയാനോ മെച്ചപ്പെടുത്താനോ പരിഹരിക്കാനോ കഴിയുന്ന കാഴ്ച്ചാ പ്രശ്നങ്ങളെയാണ് ഒഴിവാക്കാവുന്ന കാഴ്ച്ചാ പ്രശ്നങ്ങളെന്ന് പറയുന്നത്.
- നേത്രാരോഗ്യ പ്രശ്നങ്ങളോ അപവർത്തന തകരാറുകളോകൊണ്ടാണ് ഒഴിവാക്കാവുന്ന കാഴ്ച്ചാ പ്രശ്നങ്ങൾ ഉണ്ടാകുന്നത്.
- കണ്ണിന്റെ ആകൃതിയിലെ വ്യത്യസ്ഥത കൊണ്ടാണ് അപവർത്തന തകരാറുകൾ ഉണ്ടാകുന്നത്. ഇത് താഴെപ്പറയുന്നവയ്ക്ക് കാരണമാകും:
  - **ഹ്രസ്വദൃഷ്ടി:** ആളുകൾക്ക് അകലെയുള്ള വസ്തുക്കളെ വ്യക്തമായി കാണുവാനുള്ള ബുദ്ധിമുട്ട്
  - **ദീർഘദൃഷ്ടി:**
    - ചെറുതായി അല്ലെങ്കിൽ മിതമായി ദീർഘദൃഷ്ടിയുള്ള ചെറുപ്പക്കാർക്ക് അടുത്തുള്ള വസ്തുക്കളെ കാണുവാൻ പ്രയാസമാണ്
    - തീവ്രമായ ദീർഘദൃഷ്ടിയുള്ള ചെറുപ്പക്കാർക്ക് അടുത്തും അകലെയുമുള്ള വസ്തുക്കളെ വ്യക്തമായി കാണുവാൻ പ്രയാസമാണ്
    - ദീർഘദൃഷ്ടിയുള്ള മുതിർന്നയാളുകൾക്ക് അടുത്തും അകലെയുമുള്ള വസ്തുക്കളെ കാണുവാൻ പ്രയാസമാണ്.
  - **അസ്റ്റിഗ്മാറ്റിസം:** ആളുകൾക്ക് അടുത്തും അകലെയുമുള്ള വസ്തുക്കളെ വ്യക്തമായി കാണുവാൻ പ്രയാസമാണ്
  - **വെള്ളെഴുത്ത്:** 40 ന് മുകളിൽ പ്രായമുള്ളവർക്ക് അടുത്തുള്ള വസ്തുക്കളെ വ്യക്തമായി കാണുവാൻ പ്രയാസമാണ്.
- ചികിത്സയിലൂടെ പരിഹരിക്കുവാൻ കഴിയാത്ത കാഴ്ചാ പ്രശ്നങ്ങളാണ് ഒഴിവാക്കാനാകാത്ത കാഴ്ച്ചാ പ്രശ്നങ്ങൾ. കാഴ്ച്ചക്കുറവ്, അന്ധത എന്നിവ ഇതിൽ ഉൾപ്പെടുന്നു. ചില സഹായക ഉൽപന്നങ്ങൾ, ഒഴിവാക്കാനാകാത്ത കാഴ്ച്ചാ പ്രശ്നങ്ങളുള്ളവർക്ക് അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് കാര്യങ്ങൾ ചെയ്യുവാൻ സഹായകമാകുന്നു.

## പാഠം രണ്ട്: കാഴ്ച്ചാ സഹായക ഉൽപന്നങ്ങൾ

- കാഴ്ച്ചാ സഹായക ഉത്പന്നങ്ങളിൽ ഇവ ഉൾപ്പെടുന്നു:

  - കാഴ്ചശക്തിയെ ശരിയാക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്യുന്ന ഉൽപ്പന്നങ്ങൾ (ഉദാഹരണം: വായനാ കണ്ണടകൾ, കുറിപ്പടി കണ്ണടകൾ, ഭൂതകണ്ണാടികൾ, ദൂരദർശിനികൾ)
  - കാഴ്ചക്കുറവ് അല്ലെങ്കിൽ അന്ധതയുള്ളവർക്ക് അവരുടെ ശ്രവണ ശക്തി അല്ലെങ്കിൽ സ്പർശനശേഷി ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ ചെയ്യുവാൻ സഹായിക്കുന്ന ഉൽപ്പന്നങ്ങൾ (ഉദാഹരണം: ബ്രെയിലി സ്ലേറ്റും എഴുത്താണിയും, ഓഡിയോ പ്ലേയേഴ്സ്, സംസാരിക്കുന്ന വാച്ചുകൾ)
  - കാഴ്ചക്കുറവ് അല്ലെങ്കിൽ അന്ധതയുള്ളവർക്ക് ചലിക്കുവാൻ സഹായകമാകുന്ന ഉൽപ്പന്നങ്ങൾ (ഉദാഹരണം: വെള്ളവടികൾ).
- ആളുകളുടെ ആവശ്യങ്ങൾക്കും ചെയ്യേണ്ട പ്രവർത്തനങ്ങൾക്കുമനുസരിച്ച്, ഒന്നിലധികം കാഴ്ച്ചാ സഹായക ഉൽപ്പന്നങ്ങൾ ഉപയോഗിച്ചേക്കാം.
- ചില കാഴ്ചാ സഹായക ഉൽപ്പന്നങ്ങൾ TAP ൽ ഉൾകൊള്ളിച്ചിട്ടുണ്ട്, എന്നാൽ ചിലത് ഉൾക്കൊള്ളിച്ചിട്ടില്ല (കുറിപ്പടി കണ്ണടകൾ പോലുള്ളവ), കാരണം അവയുടെ ആവശ്യകത നിർണയിക്കുവാൻ പ്രത്യേക വൈദഗ്ദ്ധ്യം നേടിയവരും, അതിനായുള്ള പ്രത്യേക ഉപകരണങ്ങളും ആവശ്യമാണ്.

## പാഠം മൂന്ന്: ലളിതമായ കാഴ്ച്ചാ സ്ക്രീനിംഗ് എങ്ങനെ നടത്താം

- TAP ന്റെ കാഴ്ച്ചാ സ്ക്രീനിംഗ് കാഴ്ച്ചയെ സംബന്ധിച്ച പൂർണ്ണമായ ഒരു വിലയിരുത്തൽ അല്ല. ഇത് ഒരു വ്യക്തിയുടെ കണ്ണുകൾക്ക് ആരോഗ്യപരമായ പ്രശ്നങ്ങളോ അല്ലെങ്കിൽ കാഴ്ചയ്ക്ക് ബുദ്ധിമുട്ടുകളോ ഉണ്ടോയെന്ന് കണ്ടെത്തുന്നതിനുള്ള ഒരു സ്ക്രീനിംഗ് ആണ്: ഇവയുണ്ടെങ്കിൽ:
  - ഒരു നേത്രാരോഗ്യവിദഗ്ദ്ധനോ അല്ലെങ്കിൽ ആരോഗ്യവിദഗ്ദ്ധനോ റഫർ ചെയ്യണം
  - കുറിപ്പടി കണ്ണടകൾക്കായി റഫർ ചെയ്യണം
  - TAP ൽ ഉൾപ്പെടുത്തിയിരിക്കുന്ന കാഴ്ച്ചാ സഹായക ഉൽപന്നങ്ങളിൽ നിന്ന് പ്രയോജനം നേടാം.
- TAP കാഴ്ചാ സ്ക്രീനിംഗ് ഫോം ഉപയോഗിച്ച് സ്ക്രീനിംഗ് നടത്താം, ഇനിപ്പറയുന്നവ ഉൾപ്പെടുന്നു:
  - ലളിതമായ നേത്രാരോഗ്യ പരിശോധന - ആരോഗ്യമില്ലാത്ത കണ്ണുകളെ തിരിച്ചറിയുവാനായി സഹായിക്കുന്നതിന്
  - ലളിതമായ സമീപ, ദൂരക്കാഴ്ചാ പരിശോധനകൾ - കാഴ്ചയുമായി ബന്ധപ്പെട്ട് ഉണ്ടാകുവാൻ സാധ്യതയുള്ള പ്രശ്നങ്ങളെ തിരിച്ചറിയുവാനൻ സഹായിക്കുന്നതിന്

| ലളിതമായ കാഴ്ച്ചാ സ്ക്രീനിംഗിന്റെ ഫലങ്ങൾക്കനുസരിച്ച് സ്വീകരിക്കേണ്ട നടപടികൾ: | |
|---|---|
| ഇനിപ്പറയുന്ന തരം കാഴ്ച്ചാപ്രശ്നങ്ങളുള്ളവരെ കൂടുതൽ വിലയിരുത്തലിനായി ഒരു നേത്ര സംരക്ഷണ വിദഗ്ദ്ധന് **റഫർ** ചെയ്യുക: | • ആരോഗ്യമില്ലാത്ത കണ്ണുകൾ, കണ്ണുകളിൽ വേദനയുടെ അല്ലെങ്കിൽ അസ്വസ്ഥതയുടെ ലക്ഷണങ്ങൾ ഉണ്ട്<br>• പ്രമേഹമുണ്ട്<br>• ദൂരക്കാഴ്ചാ പരിശോധനയിൽ ചെറിയ E കൾ കാണാൻ കഴിയുന്നില്ല (എന്നാൽ ഇടത്തരം അല്ലെങ്കിൽ വലിയ E കൾ കാണുവാൻ കഴിയും) കൂടാതെ അടുത്തിടെയൊന്നും ഒരു നേത്ര പരിചരണ വിദഗ്ദ്ധനെ കണ്ടിട്ടില്ല.<br>• സമീപക്കാഴ്ചാ പരിശോധനയിൽ E കൾ കാണാൻ കഴിയുന്നില്ല കൂടാതെ പ്രായം 35 വയസ്സിൽ താഴെ. |
| ഇനിപ്പറയുന്ന തരം കാഴ്ച്ചാപ്രശ്നങ്ങളുള്ളവരെ വായനാ കണ്ണടകൾക്കായുള്ള **വിലയിരുത്തലിന്** വിധേയമാക്കുക: | • സമീപക്കാഴ്ചാ പരിശോധനയിൽ E കൾ കാണാൻ കഴിയുന്നില്ല, ഇവരുടെ ദൂരക്കാഴ്ച സാധാരണമാണ്, കൂടാതെ പ്രായം 40 വയസ്സിൽ കൂടുതൽ. |
| ഇനിപ്പറയുന്ന തരം കാഴ്ച്ചാപ്രശ്നങ്ങളുള്ളവരെ കാഴ്ച്ചാ സഹായക ഉൽപ്പന്നങ്ങൾ നൽകുവാനായുള്ള **വിലയിരുത്തലിന്** വിധേയമാക്കുക (**അല്ലെങ്കിൽ റഫർ ചെയ്യുക**): | • ദൂരക്കാഴ്ച്ചാ പരിശോധനയിൽ വലിയ E കാണാൻ കഴിയുന്നില്ല കൂടാതെ ഒരു നേത്ര പരിചരണ വിദഗ്ദ്ധൻ അടുത്തിടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്<br>• സമീപക്കാഴ്ചാ പരിശോധനയിൽ E കൾ കാണാൻ കഴിയുന്നില്ല; വായനാ കണ്ണടകൾ സഹായകമാകുന്നില്ല; ഒരു നേത്ര പരിചരണ വിദഗ്ദ്ധൻ അടുത്തിടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. |